LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ നിയമനം

38 (1774) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര പേർക്ക് നിയമന ശിപാർശ നൽകി; ഇനി എത്ര പേർക്ക് നിയമന ശിപാർശ നൽകാനുണ്ട്;

(സി) 2015-ൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് ലഭിച്ചത്;

(ഡി) ഇതിൽ മുഴുവൻ പേർക്കും നിയമന ശിപാർശ നൽകിയോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള കാലയളവിൽ വിവിധ ഘട്ടങ്ങളിലായി NJD ഒഴിവുകൾ ഉൾപ്പെടെ 1520 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 1465 ഉദ്യോഗാർത്ഥികളെ പി.എസ്.സി. യിൽ നിന്നും നിയമനത്തിനായി ശിപാർശ ചെയ്തിരുന്നു. ബാക്കി 55 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ലഭിക്കാനുണ്ട്.

(സി & ഡി) NJD ഒഴിവുകൾ ഉൾപ്പെടെ 270 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. 234 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. യിൽ നിന്നും നിയമന ശിപാർശ ലഭിക്കുകയും കമ്പനി നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

39 (1775) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണത്തിനായി ആവിഷ്കരിച്ച കർമ്മപദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) എല്ലാ തസ്തികകളിലും സമയബന്ധിതമായി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത കാരണത്താൽ ജീനക്കാരുടെ അഭാവം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുക എന്നതും അതുവഴി പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കുക എന്നതുമാണ് ലക്ഷ്യം. ഡോക്ടർമാർ, എൽ.ഡി.സി, എൽ.ജി.എസ്., അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്/പി.എസ്.സി), പോലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിവയുടെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. യൂണിഫോംഡ് ഫോഴ്സിലെ വിവിധ തസ്തികകൾക്ക് വാർഷിക നിയമനം സാധ്യമായിട്ടുണ്ട്.

(ബി) ഒരു തസ്തികയുടെ റാങ്ക് പട്ടികാ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കുവാൻ പി.എസ്.സി. നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി One time Registration, one time Verification എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പരീക്ഷാ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുന്നതിനായി online പരീക്ഷ ആരംഭിച്ചു. ഇതിലേയ്ക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിലായി online പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. കോഴിക്കോട് ജില്ലയിലെ online പരീക്ഷാ കേന്ദ്ര നിർമ്മാണം പുരോഗമിക്കുകയാണ്.

എൽ.ഡി.സി. നിയമനം

40 (1776) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എൽ.ഡി.സി. റാങ്ക് പട്ടികയിൽ നിന്ന് ഇതുവരെ എത്ര പേർക്കാണ് നിയമനം നൽകിയിരിക്കുന്നത്;

(ബി) പ്രസ്തുത പട്ടികയിൽ നിന്നും കാര്യമായി നിയമനങ്ങൾ നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly